ഭരണഭാഷ - മാതൃഭാഷ

ICDS/A2-2250/2021

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 26. 11.2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശുവികസന ഡയറക്ടർ.

എല്ലാ ജില്ലാതല ICDS പ്രോഗ്രാം ഓഫീസർമാർക്കും.
എല്ലാ സി.ഡി.പി.ഒ മാർക്കും.

സർ,

വിഷയം : വനിത ശിശുവികസന വകുപ്പ് - ഐ.സി.ഡി.എസ് - അനീമിയ പ്രതിരോധ പ്രവർത്തനങ്ങൾ - ക്യാംപെയിൻ 12 - ആയുഷ് വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന : (1) ഭാരതീയ ചികിത്സാ വകുപ്പില് നിന്നുള്ള 20.11.2021 ലെ DISM/1766/21-B1 കത്ത്.
2) 23.11.2021 തീയതിയിൽ ആയുഷ് വകുപ്പുമായി ചേർന്ന് നടത്തിയ ഓൺലൈന് മീറ്റിംഗ്.
3) ഭാരതീയ ചികിത്സാ വകുപ്പിൽ നിന്നുള്ള 25/11/2021 ലെ NAM/ADMN/3033/2021/SP msu നമ്പർ കത്ത്.

വിളർച്ച നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ വകുപ്പ് നടപ്പിലാക്കുന്ന ക്യാംപെയിൻ 12 പരിപാടിയുടെ നവംബർ മാസത്തെ പ്രവർത്തനങ്ങൾ ഭാരതീയ ചികിത്സാ വകുപ്പുമായി സഹകരിച്ച് ബോധവൽക്കരണ ക്ളാസുകൾ ഓൺലൈനായി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രകൃതിയുമായി ഇണങ്ങി ചേർന്നുള്ള ആഹാര രീതികൾ, വ്യായാമം, ദഹന പ്രക്രിയയെ സുഗമമാക്കുന്ന രീതിയിലുള്ള ദൈനംദിന ശീലങ്ങൾ, പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള ആഹാര രീതികൾ എന്നിവയിലൂടെ അനീമിയ തടയുന്നതിനായുള്ള ബോധവൽക്കരണങ്ങൾ സാധാരണക്കാരിൽ എത്തിക്കുകയാണ് ഈപരിപാടിയിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്. ഇതുമായി ബന്ധപ്പെട്ട് സൂചന (2) പ്രകാരം ചർച്ചയും നടത്തിയിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ തുടർ പ്രവർത്തനങ്ങൾക്കായി ഭാരതീയ ചികിത്സാ വകുപ്പിന്റെ ജില്ല/പ്രോജക്ട് തല നോഡൽ ആഫീസർമാരുടെ ലിസ്റ്റ് സൂചന (3) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

"അനീമിയ പ്രതിരോധം ആയുർവേദത്തിലൂടെ" എന്ന വിഷയത്തെ ആസ്പദമാക്കി 2 ദിവസങ്ങളിലായാണ് ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കേണ്ടത്.

ഒന്നാം ദിവസം :- ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, മറ്റ് സ്ത്രീകൾ, അങ്കണവാടി പ്രവർത്തകർ

രണ്ടാം ദിവസം :- 6 വയസു വരെ പ്രായമുള്ള കുട്ടികളുടെ രക്ഷിതാക്കൾ, കൗമാര പ്രായക്കാരായ ആൺകുട്ടികളും, പെൺകുട്ടികളും ,അങ്കണവാടി പ്രവർത്തകർ

മേൽ സാഹചര്യത്തിൽ ക്യാംപെയിൻ 12 ന്റെ നവംബർ മാസത്തെ പരിപാടി ആയുഷ് വകുപ്പുമായി സഹകരിച്ച് നടത്തുന്നതിലേക്ക് ജില്ലാ/പ്രോജക്ട് തലങ്ങളിൽ അവലംബിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു..

**ജില്ലാതലം**

- ജില്ലാ തല പ്രോഗ്രാം ആഫീസർമാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ലിസ്റ്റിൽ ഉൾപ്പെടുന്ന ഭാരതീയ ചികിത്സാ വകുപ്പിന്റെ ജില്ലാതല നോഡൽ ആഫീസർമാരുമായി ബന്ധപ്പെട്ട് അനീമിയ പ്രതിരോധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതും പരിപാടിയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കേണ്ടതുമാണ്.

**പ്രോജക്റ്റ്തലം**

- സി.ഡി.പി.ഒ മാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ലിസ്റ്റിൽ ഉൾപ്പെടുന്ന ഭാരതീയ ചികിത്സാ വകുപ്പിന്റെ പ്രോജക്റ്റ് തല നോഡൽ ആഫീസർമാരുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തലത്തിൽ 2 വീതം ക്ലാസുകൾ സംഘടിപ്പിക്കുന്നതിനായുള്ള തീയതി, സമയം എന്നിവ നിശ്ചയിച്ച് ബന്ധപ്പെട്ട സൂപ്പർവൈസർമാരെ അറിയിക്കേണ്ടതും നിർദ്ദിഷ്ട തീയതികളിൽ ഗുണഭോക്താക്കളെ ബോധവൽക്കരണ പരിപാടിയിൽ പങ്കെടുപ്പിക്കുന്നതിന് സൂപ്പർവൈസർമാർക്ക് നിർദ്ദേശം നൽകേണ്ടതുമാണ് .
- ഒരു ബോധവൽക്കരണ പരിപാടിയിൽ 100 ആളുകളെ പങ്കെടുപ്പിക്കേണ്ടതും, പങ്കെടുക്കുന്നവരുടെ എണ്ണം 100ൽ കൂടുതൽ ആണെങ്കിൽ കൂടുതൽ ക്ലാസുകൾ ക്രമീകരിക്കേണ്ടതുമാണ്.
- അങ്കണവാടി വർക്കർമാർ മുഖേന ആളുകളെ ബോധവൽക്കരണ പരിപാടിയിൽ പങ്കെടുപ്പിക്കുന്നതിനായി സി.ഡി.പി.ഒ ബന്ധപ്പെട്ട സൂപ്പർവൈസർമാരെ ചുമതലപ്പെടുത്തേണ്ടതാണ്.
- പഞ്ചായത്തുതലത്തിൽ നടത്തുന്ന ഓൺലൈൻ ബോധവൽക്കരണ പരിപാടിയിൽ അതത് പഞ്ചായത്ത് പരിധിയിലുള്ള അങ്കണവാടി വർക്കർമാരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
- ബോധവൽക്കരണ പരിപാടി പൂർത്തിയായതിന് ശേഷം ആയതിന്റെ റിപ്പോർട്ട് സി.ഡി.പി.ഒ മാർ പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതും പ്രോഗ്രാം ഓഫീസർമാർ ആയത് ക്രോഡീകരിച്ച് 10.12.2021 **തീയതിക്കകം** ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി

പകർപ്പ്

എല്ലാ ICDS സൂപ്പർവൈസർമാർക്കും

SSA-21